**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 7** | **07-06-2021 - ൽ മറുപടിയ്ക്ക്**

**ലക്ഷദ്വീപിൽ നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലക്ഷദ്വീപിൽ പുതിയതായി നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾക്കെതിരെ സംസ്ഥാനത്തിനകത്തും പുറത്തും ഉയരുന്ന പ്രതിഷേധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭാഷാപരമായും സാംസ്കാരികമായും കേരളത്തിനോട് വളരെ അടുപ്പം പുലർത്തുന്ന ദ്വീപ് നിവാസികളുടെ പ്രശ്നങ്ങളിൽ പൊതുസമൂഹത്തിനുള്ള ആശങ്കകൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | ലക്ഷദ്വീപിൽ നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾക്കെതിരെ കേരള നിയമസഭ ഐകകണ്ഠേന ഒരു പ്രമേയം പാസാക്കുകയും ആയത് തുടർനടപടികൾക്കായി കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചു നല്കുകയും ചെയ്തിട്ടുണ്ട്. പ്രമേയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്ത് പൊതുസമൂഹത്തിനുള്ള ആശങ്കകൾ പരിഹരിയ്ക്കുന്ന തരത്തിൽ എന്തെല്ലാം ഇടപെടൽ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കാമോ? | (സി) | ലക്ഷദ്വീപിൽ നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾക്കെതിരെ കേരള നിയമസഭ ഐകകണ്ഠേന ഒരു പ്രമേയം പാസാക്കുകയും ആയത് തുടർനടപടികൾക്കായി കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചു നല്കുകയും ചെയ്തിട്ടുണ്ട്. പ്രമേയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## 2021 മേയ് മാസം 31 – ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നാടുകളാണ് കേരളവും ലക്ഷദ്വീപും. ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികമായുമുള്ള ഗാഢബന്ധം ഇരുപ്രദേശങ്ങൾക്കും ജനങ്ങൾക്കുമിടയിൽ പണ്ടേയുണ്ട്. ബ്രിട്ടീഷ് അധിനിവേശത്തിനു മുമ്പ് ലക്ഷദ്വീപിലെ പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1 ന് സംസ്ഥാന രൂപീകരണം വരെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു ലക്ഷദ്വീപ്. ലക്ഷദ്വീപിലെ ജനങ്ങൾക്കിടയിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമാണ്. ഭരണതലത്തിലും മലയാളത്തിന് അവിടെ വലിയ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വാണിജ്യത്തിനുമെല്ലാം ലക്ഷദ്വീപ് നിവാസികൾക്ക് കേരളവുമായാണ് കൂടുതൽ ബന്ധം. ഇത്തരത്തിൽ പല തലങ്ങളിലുമുള്ള പങ്കിടലുകൾ വഴി കേരളജനതയ്ക്ക് ലക്ഷദ്വീപുകാർ എല്ലാ അർത്ഥത്തിലും സഹോദരങ്ങളാണ്.

ലക്ഷദ്വീപിന്റെ സാംസ്കാരികമായുള്ള സവിശേഷതകൾക്കും അവിടത്തെ തനതു ജീവിതരീതികൾക്കുംമേൽ കടന്നുകയറ്റം നടക്കുന്നതായി

അവിടത്തെ ജനങ്ങൾ തന്നെ അഭിപ്രായപ്പെടുകയാണ്. അവരുടെ ഭക്ഷണ ക്രമത്തെയും ഉപജീവനമാർഗ്ഗങ്ങളെയും ഒക്കെ തകർക്കാനുള്ള നീക്കങ്ങൾ നടക്കുന്നു എന്നും ലക്ഷദ്വീപുകാരുടെ ജീവനുതന്നെ വെല്ലുവിളി ഉണ്ടാകുന്ന ഭരണപരമായ നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നു എന്നുമാണ് അവിടെനിന്ന് പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ടൂറിസത്തെ ശക്തിപ്പെടുത്താൻ എന്ന പേരിൽ ആ നാടിന്റെ സംസ്കാരവും സത്തയുമാണ് ഇല്ലായ്മ ചെയ്യപ്പെടുന്നത്. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുക എന്നത് ഏതൊരു ജനാധിപത്യ സംവിധാനത്തിന്റെയും ഏറ്റവും അടിസ്ഥാനപരമായ കർത്തവ്യം ആണ്. ആ പ്രാഥമിക കർത്തവ്യം നിറവേറ്റുന്നതിനു പകരം അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ഔദ്യോഗിക തലത്തിൽ നിന്നുതന്നെ ഉണ്ടാവുന്നു എന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ലക്ഷദ്വീപിലെ ഭരണകൂടത്തിന് വ്യക്തികളുടെ ഭൂമിയും സ്വത്തും ഏറ്റെടുക്കാൻ അമിതാധികാരം നൽകുന്ന വ്യവസ്ഥ സാധാരണ ജനങ്ങളുടെ ഇടയിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. അതുപോലെ തന്നെ, ഇപ്പോൾ വരുത്തിയിട്ടുള്ള പുതിയ നിയന്ത്രണങ്ങൾ ധാരാളം ആളുകളെ അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിരിച്ചുവിടുന്ന സാഹചര്യവും ഉണ്ടാക്കിയിട്ടുണ്ട്. ഇത് വലിയ തോതിലുള്ള സാമ്പത്തിക അസമത്വങ്ങൾക്കും സാമൂഹ്യ അസ്വസ്ഥതകൾക്കും ഇടവരുത്തുന്നതാണ്.

ഇന്ത്യൻ സമൂഹത്തിന്റെ ആത്യന്തികമായ സവിശേഷത അതിന്റെ നാനാത്വത്തിലെ ഏകത്വം ആണ്. ഇന്ന് ലക്ഷദ്വീപിൽ കാണുന്നതിന് സമാനമായ വിധത്തിൽ ഈ രാജ്യത്തിന്റെ നാനാത്വങ്ങളെ ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ള നീക്കങ്ങൾ ഇന്ത്യയിലെ മറ്റിടങ്ങളിലും ആസൂത്രിതമായി നടത്തിയിട്ടുണ്ട്. അവയുടെയൊക്കെ പരിണിതഫലം ദുരന്തങ്ങളായിരുന്നു. ജമ്മുകാശ്മീരിനെ വെട്ടിമുറിച്ചതും, സംസ്ഥാന പദവിയും പ്രത്യേക പദവിയും എടുത്ത് കളഞ്ഞതും, പൗരത്വ ഭേദഗതി നിയമവും എല്ലാം അത്തരം നീക്കങ്ങളുടെ ഒടുവിലത്തെ ഉദാഹരണമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും രാജ്യങ്ങളുടെ അവിഭാജ്യഘടകങ്ങളായ ചില പ്രദേശങ്ങൾ വെട്ടിമുറിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അതു പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ ഇന്ത്യയിലുണ്ടാവരുത്. രാജ്യത്തിന്റെ ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താൽപ്പര്യങ്ങൾക്ക് അനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്ര പശ്ചാത്തലത്തിൽ നിന്ന് വീക്ഷിക്കുമ്പോൾ ലക്ഷദ്വീപിന്റെ ഭാവി ഉത്കണ്ഠ ഉളവാക്കുന്നു. അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിൽ ഉയരുന്നു. കേരളം ആ ആശങ്ക പങ്കുവയ്ക്കുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയിലാണ് ഒരു ജനത വില കൽപ്പിക്കുന്ന

സാംസ്കാരിക തനിമയ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത് ബഹുസ്വരത മുഖമുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യം നിൽക്കുന്ന ഒന്നാണ്. അതിനാൽ തന്നെ, ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്.

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

തിരുവനന്തപുരം

31.05.2021

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

സെക്ഷൻ ഓഫീസർ